പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5698 — 18.11.2019 -ൽ മറുപടിക്ക്

## പൊതുവിതരണ സമ്പ്രദായം കാര്യക്ഷമമാക്കുന്നതിന് നടപടി

| ചോദ്യം<br>**ശ്രീ.അൻവർ സാദത്ത്** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) പൊതുവിതരണശൃംഖലയിലെ കരിഞ്ചന്ത, റേഷൻസാധന തിരിമറി എന്നിവ തടയുന്നതിന് വകുപ്പുതലത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ; | (എ) പൊതുവിതരണശൃംഖലയിലെ കരിഞ്ചന്ത, റേഷൻ സാധന തിരിമറി എന്നിവ തടയുന്നതിന് സംസ്ഥാന തലത്തിൽ ഡെപ്യൂട്ടി സെക്രട്ടറി, അണ്ടർ സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിൽ രണ്ട് സംസ്ഥാനതല പരിശോധനാ സ്ക്വാഡുകളും ജില്ലാ തലത്തിൽ ജില്ലാ സപ്ലൈ ഓഫീസറുടെ നേതൃത്വത്തിലും താലൂക്ക് തലത്തിൽ താലൂക്ക് സപ്ലൈ ഓഫീസറുടെ നേതൃത്വത്തിലും പരിശോധനാ സ്ക്വാഡുകൾ രൂപീകരിച്ച് കർശന പരിശോധനകൾ നടത്തി വരുന്നുണ്ട്. കൂടാതെ പ്രതിമാസ റേഷൻ സംബന്ധിച്ച അറിയിപ്പും എല്ലാ ഉപഭോക്താക്കൾക്കും എസ്.എം.എസ് അലർട്ടായി നല്കി വരുന്നുണ്ട്. വകുപ്പിലെ റേഷനിംഗ് ഇൻസ്പെക്ടർമാർ സിവിൽ സപ്ലൈസ് മാനുവൽ അനുസരിച്ച് അവരവരുടെ ഫർക്കയിലെ എല്ലാ എ.ആർ.ഡി കളും മാസത്തിലൊരു തവണ കർശനമായി പരിശോധിക്കുകയും പ്രതിവാരം പത്ത് കാർഡുകളെങ്കിലും പരിശോധിച്ച് പരിശോധനയുടെ അടിസ്ഥാനത്തിൽ കാർഡുടമകൾക്ക് റേഷൻ സാധനങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടോയെന്നും റേഷൻ വ്യാപാരി കൃത്യമായി കണക്കുകൾ സൂക്ഷിക്കുന്നുണ്ടോ എന്നും ഉറപ്പു വരുത്തുന്നുണ്ട്. കൂടാതെ ജില്ലാ തലത്തിൽ സിവിൽ സപ്ലൈസ്, ലീഗൽ മെട്രോളജി, റവന്യൂ, ഫുഡ് സേഫ്റ്റി, പോലീസ് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി സംയുക്ത പരിശോധനാ സംഘം രൂപീകരിച്ച് പൊതുവിപണി പരിശോധനകളും നടത്തുന്നുണ്ട്. |
| (ബി) യു.പി.എ. സർക്കാരിന്റെ കാലത്ത് പാസ്സാക്കിയ ഭക്ഷ്യ ഭദ്രത നിയമത്തിലൂടെ പൊതുവിതരണരംഗത്ത് ഉണ്ടായ മാറ്റങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ; | (ബി) & (സി) പൊതുവിതരണ ശൃംഖല കൂടുതൽ സുതാര്യവും കാര്യക്ഷമവും ആക്കുക എന്ന ലക്ഷ്യത്തോടെ ഭക്ഷ്യ ഭദ്രതാ നിയമം 2013 കേരളത്തിൽ 01.11.2016 മുതൽ നടപ്പാക്കിയിട്ടുണ്ട്. എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ, ഭക്ഷ്യധാന്യങ്ങളുടെ വാതിൽപ്പടി വിതരണം, ഇ-പോസ് മെഷീനുകളുടെ ഉപയോഗം എന്നിവ മുഖമുദ്രയായിട്ടുള്ള ടി നിയമം |

**(സി)** പ്രസ്തുത നിയമത്തിന്റെ ഭാഗമായി നടപ്പിലാക്കിയ വാതിൽപ്പടി വിതരണം, ഇ-പോസ് മെഷീൻ, കമ്പ്യൂട്ടറൈസേഷൻ എന്നിവ പൊതു വിതരണ സമ്പ്രദായം കൂടുതൽ സുതാര്യവും കാര്യക്ഷമവും ആക്കുന്നതിന് സഹായകമായിട്ടുണ്ടോ; വിശദാംശം നൽകുമോ ;

നടപ്പിൽ വന്നതോടുകൂടി പൊതുവിതരണ രംഗം കൂടുതൽ കാര്യക്ഷമമായി തീർന്നിട്ടുണ്ട്. എഫ്.സി.ഐ യിൽ നിന്നോ സപ്ലൈകോ മില്ലുകളിൽ നിന്നോ ശേഖരിക്കുന്ന ഭക്ഷ്യധാന്യങ്ങൾ ഇടക്കാല ഗോഡൗണുകളിൽ സൂക്ഷിക്കുകയും ആവശ്യകതയ്ക്കനുസരിച്ച് റേഷൻ കടകളിൽ എത്തിയ്ക്കുകയും ചെയ്യുന്ന സംവിധാനം (സപ്ലൈ ചെയിൻ മാനേജ്മെന്റ്) കമ്പ്യൂട്ടർവത്ക്കരിച്ചിട്ടുണ്ട്. സ്വകാര്യ വ്യാപാര ഡിപ്പോകളെ ഒഴിവാക്കി സപ്ലൈകോയെ സംഭരണ ചുമതല ഏൽപ്പിച്ചു. എല്ലാ റേഷൻ കടകളിലും ഇ-പോസ് മെഷീൻ സ്ഥാപിക്കുകയും ഗുണഭോക്താക്കളുടെ ബയോമെട്രിക് ആതെന്റിക്കേഷൻ മുഖേന യഥാർത്ഥ ഗുണഭോക്താവിനെ തിരിച്ചറിഞ്ഞ് സുതാര്യമായ റേഷൻ വിതരണ സംവിധാനവും നടപ്പിലാക്കി. സംസ്ഥാനത്തെ ഏത് റേഷൻ കടകളിൽ നിന്നും റേഷൻ വാങ്ങാവുന്ന പോർട്ടബിലിറ്റി സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. നാഷണൽ പോർട്ടബിലിറ്റി സംവിധാനം നടപ്പിലാക്കാനുള്ള തയ്യാറെടുപ്പുകളും നടന്നു വരുന്നു. റേഷൻ കടയിൽ നേരിട്ട് പോകാൻ സാധിക്കാത്തവർക്ക് പകരക്കാരെ നിയമിക്കാനുള്ള പ്രോക്സി സംവിധാനവും നടപ്പിലാക്കി. ഇ-പോസ് മെഷീനുകളുമായി കണക്ട് ചെയ്ത് റേഷൻ സാധനങ്ങളുടെ വിതരണത്തിനായി വെയിംഗ് ബാലൻസുകൾ വാങ്ങുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

**(ഡി)** പൊതുവിതരണ സമ്പ്രദായത്തിൽ സോഷ്യൽ ആഡിറ്റിംഗ് നടപ്പിലാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടി സ്വീകരിക്കുമോ ?

**(ഡി)** സംസ്ഥാനത്ത് ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013 ന്റെ സെക്ഷൻ 28 അനുശാസിക്കുന്ന പ്രവർത്തന അവലോകന നടപടിയായ സോഷ്യൽ ആഡിറ്റിന്റെ പൈലറ്റ് പ്രോജക്റ്റ് നടത്തിയിട്ടുണ്ട്. ഇതിനായി ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസുമായി (TISS) സിവിൽ സപ്ലൈസ് വകുപ്പ് ധാരണാപത്രം ഒപ്പുവച്ചിരുന്നു. സോഷ്യൽ ഓഡിറ്റിന്റെ പൈലറ്റ് പ്രോജക്റ്റ് തിരുവനന്തപുരം ജില്ലയിലെ സി.ആർ.ഒ നോർത്തിന്റെ പരിധിയിലുള്ള എ.ആർ.ഡി 107, 114, 116, 77 എന്നീ റേഷൻ കടകളിലാണ് നടത്തിയത്. ഗുണഭോക്താക്കളെ തങ്ങൾക്ക് അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങളെപ്പറ്റി/ റേഷൻ വിഹിതത്തെപ്പറ്റി ബോധ്യവാന്മാരാക്കുക എന്നതും ആനുകൂല്യങ്ങൾ/ റേഷൻ വിഹിതം എന്നിവ അർഹതപ്പെട്ടവർക്ക് കൃത്യമായി ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുകയുമാണ് സോഷ്യൽ

ഓഡിറ്റിംഗ് കൊണ്ട് ഉദ്ദേശിക്കുന്നത്. ടി.ഐ.എസ്.എസ് നടത്തിയ പൈലറ്റ് പ്രോജക്ട് പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് ഓഗസ്റ്റ് മാസത്തിൽ സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാന വ്യാപക മായി സോഷ്യൽ ഓഡിറ്റിംഗ് ആരംഭിച്ചിട്ടില്ല. ആയതിനുള്ള ഏജൻസിയെ നിയോഗിക്കുന്നതി നുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**